ശ്രീ. എം. എ. മത്തായി : സാഹിത്യ അക്കാദമിക്ക ധനസഹായം പെണ്ണത്തക്ക നിലയിൽ ഇപ്പോഴും ബാലസാഹിത്യത്തെപ്പറ്റി എന്തു ചെയ്യുന്നുണ്ട് ; അവർ എന്തു തുക ചെലവാക്കുന്നുണ്ട് ?

ശ്രീ. ആർ. ശങ്കർ : അവർ ഇപ്പോഴും നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക ധനസഹായമായി ഒരു തുക കൊടുക്കുന്നുണ്ട്. അതു അവർ ചെലവാക്കുന്നുണ്ട്.

വ്യവസായ സ്ഥാപനങ്ങൾ.

* 476. [11] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായസ്ഥാപനങ്ങളുണ്ടായി ;

(ബി) ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചു ;

(സി) തൊഴിലാളികളെ എടുക്കുന്നതിൽ സമുദായ പ്രാതിനിദ്ധ്യം ഇന്നത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ശരിക്കു പാലിക്കുന്നില്ലെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) വൻകിടയും ഇടത്തരവുമായി 18 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 45 വൻകിട വ്യവസായങ്ങൾ മൂന്നാം പദ്ധതിയിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര മേഖലയിൽ ആറു വ്യവസായങ്ങളും ഇവിടെ തുടങ്ങുവാൻ നടപടി എടുക്കുന്നുണ്ട്. കൂടാതെ 1500 ഓളം ചെറുകിട വ്യവസായസ്ഥാപനങ്ങളും തുടങ്ങിയിട്ടുണ്ട്.

(ബി) പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞ സ്ഥാപനങ്ങളിൽ 28,746 പേർക്കു തൊഴിൽ ലഭിച്ചു.

ശ്രീ. ടി. കൃഷ്ണൻ : ഗവണ്മെൻറിന്റെ ചുമതലയിൽ നടത്തുന്ന വ്യവസായശാലകളിലും പ്രൈവറ്റു ഉടമകൾ നടത്തുന്ന വ്യവസായശാലകളിലും സമുദായപ്രാതിനിധ്യം അനുസരിച്ചു തൊഴിൽ നിയമങ്ങൾ നടത്തുന്നതാണെന്നു ഈ ഗവണ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇന്നു നിലവിലുള്ള പല സ്ഥാപനങ്ങളിലും ശരിയായ നീതി ലഭിക്കുന്നില്ല. ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആവശ്യമായ അടിയന്തിര നടപടികൾ ഏറ്റവും വേഗം സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതു് യോഗ്യതയുള്ള വേണ്ടത്ര ആളുകൾ ഉണ്ടെങ്കിൽ ഇന്നു നിലവിലിരിക്കുന്ന സാമുദായികപ്രാതിനിധ്യം അനുസരിച്ചു ഈ വ്യവസായശാലകളിൽ ജോലി നൽകുന്നതിനുള്ള നിർദ്ദേശം ഗവണ്മെൻറു നൽകിയിട്ടുണ്ടെന്നോണ്. ഏതെങ്കിലും പ്രത്യേക കാര്യത്തിൽ അങ്ങനെ വരാത്തതായിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്ന പക്ഷം അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സ്വകാര്യ സ്കൂളുകളിലും കോളേജുകളിലും സമുദായപ്രാതിനിദ്ധ്യം പാലിച്ചിരിക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ ഈ സ്വകാര്യവ്യവസായ സ്ഥാപനങ്ങളിലും പാലിക്കണമെന്നു ഗവണ്മെൻറിനു നിർദ്ദേശം നൽകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സ്വകാര്യമേഖലയിൽ സമുദായപ്രാതിനിധ്യം അനുസരിച്ചു പണം മുടക്കുവാൻ ആളുകൾ സന്നദ്ധരാകുന്നില്ല എന്നുള്ളതാണ് ഇവിടെ ഒരു വിഷമമായിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : വ്യവസായസ്ഥാപനങ്ങളും ഇവിടെ ഈ ഗവണ്മെന്റു വന്നതിനുശേഷം ഉണ്ടായതിന്റെ കണക്കുകളും പറഞ്ഞു. അതിൽ സഹകരണമേഖലയിൽ ഉള്ളതെത്ര, ഗവണ്മെന്റു മേഖലയിലുള്ളതെത്ര;

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ അതു നേരത്തെ പറഞ്ഞു കഴിഞ്ഞു. കേന്ദ്രമേഖലയിൽ നിന്നും ആറു വ്യവസായങ്ങളും നടത്തുന്നതിനുള്ള നടപടികളും എടുത്തു വരുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെൻറിന്റെ പരിശ്രമഫലമായും ഗവണ്മെൻറു മേഖലയിലും പൊതുമേഖലയിലും ഇവിടെ ലഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളിലുമായി ഇവിടെ പുതുതായി വരുന്ന തൊഴിൽരംഗത്തു് ഇവിടുള്ള തൊഴിലാളികൾക്കു മുഴുവനും തൊഴിൽ കൊടുക്കുവാൻ സാധിക്കുമെന്നു ഗവണ്മെൻറു കണക്കാക്കിയിട്ടുണ്ടോ ;

ശ്രീ. കെ. എ. ദാമോദരമേനോൻ : കുറെയുകകൂടുതലായി തൊഴിൽ രംഗത്തേക്കു് മാറിവരേണ്ടതു് ആവശ്യമാണു്. ബഹുമാനപ്പെട്ട അംഗത്തിന്റെ മനസ്സിൽ ഉണ്ടായിരിക്കുന്നതു് ഇങ്ങനെയുള്ള തൊഴിൽ സൗകര്യംകൊണ്ടു് വർദ്ധിച്ച തൊഴിലില്ലായ്മയ്ക്കു് ഒരു പരിഹാരം ഉണ്ടാക്കുവാൻ കഴിയുമോ എന്നുള്ളതായിരിക്കുമെന്നാണു് ഞാൻ കരുതുന്നതു്. വാസ്തവത്തിൽ അതിനു കുറച്ചുകൂടി കാലദൈർഘ്യം വേണ്ടിവരും. ഇപ്പോൾ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കു തൊഴിൽ സൗകര്യം ലഭിക്കുകയില്ല.

ശ്രീ. ഈ. പി. ഗോപാലൻ ; വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ സൗകര്യം ലഭിച്ചിട്ടുള്ളവരിൽത്തന്നെ വൻകിട വ്യവസായസ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ളവരുടെ എണ്ണമെത്ര? ചെറുകിട വ്യവസായസ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ളവരുടെ എണ്ണമെത്ര ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇവിടെ പതിനെട്ടു വൻകിട വ്യവസായ സ്ഥാപനങ്ങളും ഉള്ളതിൽ 3847 പേർക്കു് തൊഴിൽ സൗകര്യം കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കുകളും ഞങ്ങളുടെ കൈയിലുള്ള കണക്കുകളും തമ്മിൽ ഒരു പൊരുത്തവും കാണുന്നില്ല. ഫാക്ടറി നിലവാരത്തിലുണ്ടായിരുന്നതു് 1.71 ആയിരുന്നതു് ഇപ്പോൾ 1.77 ആയിട്ടു മാത്രമേ ഉയർന്നിട്ടുള്ളൂ എന്നു എക്കണോമിക്കു് സർവ്വേയിൽ നിന്നും കാണുന്നു. അപ്പോൾ കഴിഞ്ഞ ആറു വർഷമായിട്ടു 12,000 മാത്രമേ വർദ്ധനവുണ്ടായിട്ടുള്ളൂ. ഇരുപത്തിയാറായിരത്തിൽ ചിലപ്പോൾ ലഭിച്ചിട്ടുണ്ടെന്നു മന്ത്രി മറുപടിയും പറഞ്ഞുകാണുന്നു. ഈ കണക്കുകൾ ഏതിനെ ആസ്പദമാക്കിയാണു് സ്വീകരിച്ചിട്ടുള്ളതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇവിടെ ഞാൻ പറഞ്ഞതു് ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ 1500 പേർക്കു തൊഴിൽ സൗകര്യം ലഭിച്ചിട്ടുണ്ടെന്നാണു്. ചെറുകിട വ്യവസായങ്ങളിൽ ഇതിലേക്കു രജിസ്റ്റർ മെൻറയിൻ ചെയ്യുന്നുണ്ടു്. അതിൽനിന്നുമാണു് അതിന്റെ കണക്കുകൾ ലഭിച്ചതു്. അതുപോലെതന്നെ പബ്ലിക്കു് സെക്ടറിലുള്ള 18 വ്യവസായങ്ങളിൽ എത്രപേർക്കു തൊഴിൽസൗകര്യം ലഭിച്ചിട്ടുണ്ടു് എന്നുള്ളതിന്റെ കണക്കും ഇവിടെ കിട്ടിയിട്ടുണ്ടു്. അതെല്ലാം ആസ്പദമാക്കിയാണു് ഞാൻ ഉത്തരം പറഞ്ഞിട്ടുള്ളതു്. എക്കണോമിക്കു് റവ്യൂവിൽ എന്തുടിസ്ഥാനമാക്കിയാണു് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അതുമിതുമായി പൊരുത്തമുണ്ടോ എന്നും ചോദിച്ചാൽ അതിനെപ്പറ്റി എനിക്കു ഇപ്പോൾ ഒന്നും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ : ഈ കാലഘട്ടത്തിൽത്തന്നെ പൂട്ടിയിട്ടുള്ള ഫാക്ടറികളും ഉണ്ടു്. അതിന്റെ ഫലമായിട്ടു തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കും ഇതിൽ പെടുന്നുണ്ടോ ;

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇല്ല. അതു ഇതിൽ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly